File No.LSGD-EU1/411/2015-LSGD

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - ഗുരുവായൂർ നഗരസഭ - സെക്രട്ടറിയായിരുന്ന ശ്രീ.പി.മുരളീധരനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ)/2032/2017/ത.സ്വ.ഭ.വ** തിരുവനന്തപുരം,തീയതി, 19/06/2017

പരാമർശം:- ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 13.05.2015 തീയതിയിലെ സി.ടി.പി. (വിജി) 310/15 നമ്പർ കത്ത്.

2. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി.മുരളീധരന് നൽകിയ 01.02.2016 തീയതിയിലെ തസ്വഭവ-ഇ.യു.1/411/2015- തസ്വഭവ നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ.പി.മുരളീധരൻ സമർപ്പിച്ച 11.04.2016 തീയതിയിലെ പ്രതിവാദ പത്രിക.

4 . നഗരകാര്യ ഡയറക്ടറുടെ 31.08.2016 തീയതിയിലെ വി2-6482/16 നമ്പർ കത്ത്.

5. ശ്രീ.പി.മുരളീധരന് സമർപ്പിച്ച 09.02.2017 തീയതിയിലെ നിവേദനം.

**ഉത്തരവ്**

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഗുരുവായൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ അനധികൃത നിർമ്മാണം നടത്തിയതായും ആയത് KMBR 4(2), 7(1) എന്നിവയുടെ ലംഘനമാണെന്നും, വിഭിന്ന ശേഷിക്കാർക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താത്തത് Rule 40(a) യുടെ ലംഘനമാണെന്നും KMBR Rule 50 പ്രകാരമുള്ള Recreation Space Provide ചെയ്തില്ല എന്നും കണ്ടെത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി. മുരളീധരനെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകുകയുമുണ്ടായി.

2. കുറ്റപത്രത്തിന് ശ്രീ.പി. മുരളീധരൻ സമർപ്പിച്ച പരാമർശം മൂന്നിലെ മറുപടിയിൽഫയർ & റസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും NOC കിട്ടിയതിനു ശേഷമാണ് പെർമിറ്റ് അനുവദിച്ചതെന്നും ബിൽഡിംഗ് ഇൻസ്പെക്ടറും, അസി. എക്സി. എഞ്ചിനീയറും സ്ഥലം പരിശോധിച്ച് പെർമിറ്റ് അനുവദിക്കാൻ ശുപാർശ ചെയ്യുകയുണ്ടായെന്നും, തന്റെ മുൻഗാമി പെർമിറ്റ് നൽകിയ കെട്ടിടത്തിന്റെ റിവൈസ്ഡ് പ്ലാൻ അംഗീകരിച്ച് പെർമിറ്റ്

നൽകുകയാണുണ്ടായതെന്നും സൂചിപ്പിച്ചിട്ടുണ്ട്. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) കണ്ടെത്തിയ KMBR ലംഘനങ്ങൾ സംബന്ധിച്ച് 17.04.2013-ന് താൻ ഗുരുവായൂർ നഗരസഭയിൽ നിന്നും റിലീവ് ചെയ്തെന്നും പെർമിറ്റ് നൽകിയതിനു ശേഷം പെർമിറ്റ് വിരുദ്ധമായി കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന് പെർമിറ്റ് നൽകിയ സെക്രട്ടറിക്ക് ഉത്തരവാദിത്വമില്ലെന്നും, അനധികൃത നിർമ്മാണം കണ്ടെത്തിയ KM Act സെക്ഷൻ 406 പ്രകാരം മുനിസിപ്പൽ അധികൃതർ നടപടി സ്വീകരിക്കുകയാണ് വേണ്ടതെന്നും ശ്രീ. മുരളീധരന്റെ മറുപടിയിൽ വിശദീകരിക്കുകയുണ്ടായി. പെർമിറ്റ് അനുവദിച്ച പ്ലാനിൽ KMBR 40(a) അനുശാസിക്കുന്ന പ്രകാരം വിഭിന്ന ശേഷിക്കാർക്കുള്ള റാമ്പ് പ്രൊവൈഡ് ചെയ്തിട്ടുണ്ടായിരുന്നുവെന്നും, KMBR 50 പ്രകാരം Recreation Space ഉം പ്ലാൻ പ്രകാരം ലഭ്യമാണെന്നും തന്റെ വിശദീകരണം അംഗീകരിച്ച് കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിക്കുകയുമുണ്ടായി.

3. മേൽ വിഷയത്തിൽ നഗരകാര്യ ഡയറക്ടറുടെ പരാമർശം നാലിലെ കത്തിൽ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

"23.11.2013 ൽ G+2 floors റസിഡൻഷ്യൽ ഫ്ളാറ്റ് നിർമ്മിക്കുന്നതിനുള്ള അനുവാദം നൽകിയ കെട്ടിടത്തിനു മുകളിൽ ഒരു നില കൂടി പണിയുന്നതിന് ഉടമ സമർപ്പിച്ച അപേക്ഷ റൂൾ പ്രകാരമാണെന്ന് B 1 റിപ്പോർട്ടു ചെയ്തതിനെ തുടർന്ന്, ഫയർ NOC യ്ക്ക് അയയ്ക്കുകയും ഇനിഷ്യൽ ഫയർ NOC ലഭിച്ചതിനെ തുടർന്ന് ബിൽഡിംഗ് ഇൻസ്പെക്ടർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 17.12.2012 ൽ മുനിസിപ്പൽ സെക്രട്ടറി ശ്രീ. പി. മുരളീധരൻ പെർമിറ്റ് അനുവദിക്കുകയാണുണ്ടായത്. ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതിനു ശേഷം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് 06.08.2014 നാണ്. 17.12.2012 ൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ച ശ്രീ. പി. മുരളീധരൻ 17.04.2013 ൽ അവിടെ നിന്നും സ്ഥലം മാറിപ്പോയ സാഹചര്യത്തിൽ കെട്ടിടത്തിന് Tress & Iron sheet ഉപയോഗിച്ച് 4-ാം നില പണിതു എന്ന് CTP കണ്ടെത്തിയ KMBR ലംഘനത്തിന് ഒരു കാരണവശാലും ടിയാൻ ഉത്തരവാദിയല്ല. CTP (വിജിലൻസ്) KMBR 40(a), 50 ചട്ടങ്ങളുടെ ലംഘനങ്ങൾ സംബന്ധിച്ച് ഇക്കാര്യത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ബിൽഡിംഗ് ഇൻസ്പെക്ടർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ടിന്റെയും ശുപാർശയുടേയും അടിസ്ഥാനത്തിലാണ് നിർമ്മാണ അനുമതി നൽകിയിട്ടുള്ളതെന്ന ശ്രീ. പി. മുരളീധരന്റെ വിശദീകരണം ശരിയാണെന്ന് ഫയലിൽ നിന്നും വ്യക്തമാണ്. സർക്കാരിന്റെ 27.06.2010 ലെ 36587/RA1/09/LSGD സർക്കുലർ പ്രകാരം നേരിട്ട് സ്ഥല പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചട്ടം ലംഘിച്ച് നിർമ്മാണ അനുമതി നൽകുന്ന പക്ഷം അതിന്റെ പൂർണ്ണ ഉത്തരവാദിത്വം നേരിട്ട് പരിശോധിക്കുന്ന ഉദ്യോഗസ്ഥന് മാത്രമായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെർമിറ്റ് നൽകിയതിനു ശേഷം വളരെ കുറച്ച് കാലയളവു മാത്രം ഗുരുവായൂർ നഗരസഭയിൽ സെക്രട്ടറിയായി ജോലി ചെയ്ത ശ്രീ. മുരളീധരന് കെട്ടിടത്തിൻറെ പണി പൂർത്തിയാക്കിയതിനു ശേഷമുള്ള 4-ാം നിലയുടെ നിർമ്മാണത്തിന് ഉത്തരവാദിയല്ലെന്നതിനാലും, സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശുപാർശ പ്രകാരമാണ് നിർമ്മാണാനുമതി നൽകിയത് എന്നതിനാലും തന്നെ കുറ്റവിമുക്തനാക്കണമെന്ന ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്".

4. സർക്കാർ ഇക്കാര്യം പരിശോധിച്ച് ഗുരുവായൂർ നഗരസഭാ സെക്രട്ടറി യായിരുന്ന ശ്രീ.പി. മുരളീധരന്റെ മറുപടിയും നഗരകാര്യ ഡയറക്ടറുടേയും ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)ന്റേയും ശുപാർശയും പരിഗണിച്ച് ടിയാനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**

**ജോയിൻറ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
ചെയർമാൻ/ ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ.
ശ്രീ.പി. മുരളീധരൻ, സെക്രട്ടറി, ഗുരുവായൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ